കാലയളവിൽ പെൻഷൻ ആയ മുഴുവൻ ആളുകൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിധി നടപ്പാക്കിയാലുണ്ടാകാവുന്ന ഗുതുതരമായ സാമ്പത്തിക ബാദ്ധ്യതയും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും കണക്കിലെടുത്ത് പ്രസ്തുത വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) നിവേദനം 12.10.98-ന് ലഭിച്ചു.

(ഇ) അപ്പീൽ തീർപ്പാക്കുന്നതിനുമുമ്പ് അനന്തര നടപടികൾ കൈക്കൊള്ളുന്നതിന് കഴിയുകയില്ല.

18 (2575) കുടുംബ പെൻഷൻ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിട്ടയർ ചെയ്ത ഗവൺമെന്റ് ജീവനക്കാരുടെയും അധ്യാപകരുടേയും ഭാര്യക്കോ ഭർത്താവിനോ അനുവദിച്ചിരുന്ന കുടുംബ പെൻഷൻ അവരുടെ അവിവാഹിതരായ പെൺമക്കൾക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് അൺ എയ്ഡഡ് സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത അധ്യാപകരുടെ അവിവാഹിതരായ പെൺമക്കൾക്ക് ബാധകമാണോ;

(സി) ഇല്ലെങ്കിൽ ഈ ആനുകൂല്യം അവർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർധനരാകുന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവിവാഹിതരായ പെൺമക്കൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിൽ ഇക്കാര്യം പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടില്ലെങ്കിലും ബാധകമാണ്.

(സി) ഉദിക്കുന്നില്ല.

19 (2576) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനായുള്ള സമഗ്ര നിർദ്ദേശം സമർപ്പിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് ചുമതലപ്പെടുത്തിയതെന്നും എന്നേക്ക് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പെൻഷൻ പദ്ധതി നടപ്പാക്കാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) എപ്പോൾ പദ്ധതി നടപ്പാക്കും എന്നത് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15.2.99-ൽ സ്പെഷ്യൽ ഓഫീസർ ചുമതലയേറ്റു. ഈ തസ്തികയുടെ കാലാവധി 30.9.1999 വരെയാണ്. പെൻഷൻ പദ്ധതിയെക്കുറിച്ചുള്ള റിപ്പോർട്ട് എത്രയും നേരത്തെ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തടസ്സം നിലവിലുള്ളതായി തോന്നുന്നില്ല.

(ഇ) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

20 (2577) മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലാ ട്രഷറിയിൽ ഈ വർഷം 5 രൂപാ മുതൽ 50 രൂപ വരെയുള്ള മുദ്രപ്പത്രങ്ങളുടെ ആകെ വിറ്റുവരവ് എത്രയാണ്;

(ബി) കഴിഞ്ഞ ഒരു വർഷമായി ജില്ലയിൽ ഈ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചത്;

(സി) പത്തനംതിട്ട ട്രഷറിയിൽ പ്രസ്തുത മുദ്രപ്പത്രങ്ങൾക്ക് കടുത്ത ക്ഷാമം നേരിട്ടപ്പോൾ തൊട്ടടുത്ത കോട്ടയം, കൊല്ലം, ആലപ്പുഴ ജില്ലാ ട്രഷറികളിൽ ഈ മുദ്രപത്രങ്ങൾ സുലഭമായി ലഭിച്ചിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പത്തനംതിട്ട ജില്ലാ ട്രഷറിയിൽ മുദ്രപത്രങ്ങൾക്ക് ക്ഷാമം ഉണ്ടാക്കിയവർക്കെതിരെ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) പത്തനംതിട്ട ജില്ലാ ട്രഷറിയിൽ എല്ലാ മുദ്രപ്പത്രങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ധനകാര്യ വർഷം അഞ്ചുരൂപ മുതൽ 50 രൂപവരെയുള്ള മുദ്രപ്പത്രങ്ങളുടെ വിറ്റുവരവായി 15,00,455/- രൂപ ലഭിച്ചിട്ടുണ്ട്.

(ബി) സ്റ്റാമ്പു ഡിപ്പോകളിൽ ലഭ്യമല്ലാത്തവ മറ്റു ട്രഷറികളിൽ ലഭ്യമാണെങ്കിൽ നീക്കുപോക്കിലൂടെ ലഭ്യമാക്കുവാൻ ശ്രമിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly